# പ്രമേഹ ബോധവൽക്കരണ സന്ദേശവുമായി എറണാകുളം റൂറൽ പോലീസ്




ലോക പ്രമേഹദിന ബോധവൽക്കരണ സന്ദേശവുമായി ആലുവയിൽ എറണാകുളം റൂറൽ പോലീസിൻെറ നേതൃത്വത്തിൽ “വാക്കത്തോൺ” സംഘടിപ്പിച്ചു. രാജഗിരി ആശുപത്രിയിലെ എൻഡോക്രൈനോളജി വിഭാഗവുമായി സഹകരിച്ചുകൊണ്ടാണ് ബോധവൽക്കരണ പരിപാടി നടത്തിയത്.

എറണാകുളം റൂറൽ പോലീസ് പരിധിയിൽ വരുന്ന വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നായി നൂറോളം സേനാംഗങ്ങളും സെൻറ് സേവ്യേഴ്സ് കോളേജിലെ വിദ്യാർത്ഥികളും രാജഗിരി ആശുപത്രി ജീവനക്കാരും ഉൾപ്പെടെ നിരവധി പേരാണ് ആലുവ മെട്രോ സ്റ്റേഷൻ പരിസരത്ത് നിന്ന് ആരംഭിച്ച വാക്കത്തോണിൽ പങ്കെടുത്തത്. ആലുവ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി എം.ജെ.സോജൻ ഫ്ലാഗ് ഓഫ് നിർവ്വഹിച്ച ചടങ്ങിൽ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി വി.ജി.രവീന്ദ്രനാഥ്, രാജഗിരി ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ.സണ്ണി,പി.ഓരത്തിൽ, എൻഡോക്രൈനോളജി വിഭാഗം മേധാവി ഡോ.സക്കറിയ പി.എസ്, ഡോ.ജെയിംസ് ആൻെറണി എന്നിവർ സംസാരിച്ചു.

ദിനാചരണത്തിൻെറ ഭാഗമായി രാജഗിരി ആശുപത്രിയിൽ പ്രമേഹരോഗത്തെ എങ്ങനെ ചെറുക്കാം എന്നതിനെ ആസ്പദമാക്കി പ്രത്യേക ബോധവത്കരണ പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു.